## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5411 — 31.10.2016-ന് മറുപടിക്ക്

# മലിനീകരണ നിയന്ത്രണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നദികൾ മലിനമാക്കുന്ന വ്യവസായ സ്ഥാപനങ്ങൾ കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം ചെറുകിട, വൻകിട വ്യവസായ സ്ഥാപനങ്ങൾക്കെതിരെ എപ്രകാരമുള്ള നടപടിയാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ;<br>(ബി) ഇത്തരം വ്യവസായ സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | ഉണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് വ്യവസായസ്ഥാപനങ്ങൾക്ക് അനുമതി നല്കുമ്പോൾ തന്നെ അവ പുറന്തള്ളുന്ന മലിനവസ്തുവിലെ ഘടകങ്ങളുടെ അളവിന്റെ പരിധി നിശ്ചയിച്ചാണ് അനുമതി നല്കുന്നത്. ടി നിബന്ധന പാലിക്കുന്നുണ്ടോയെന്ന് പരിശോധന നടത്തുകയും അപ്രകാരമല്ലാതെ മലിനവസ്തു പുറന്തള്ളുന്ന സ്ഥാപനങ്ങൾക്കെതിരായി ബോർഡ് നടപടിയെടുക്കാറുമുണ്ട്. പ്രശ്നപരിഹാരത്തിനായി ആവശ്യമായ സംവിധാനങ്ങൾ ഒരുക്കാൻ ബോർഡ് നിർദ്ദേശം നല്കാറുണ്ട്. ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ക്ലോഷർ ഇന്റൻഷൻ നോട്ടീസുകളും ക്ലോഷർ ഓർഡറുകളും നല്കുന്നു. ബോർഡ് ക്ലോഷർ ഓർഡർ നല്കുന്ന സ്ഥാപനങ്ങൾക്കുള്ള ജലം, വൈദ്യുതി എന്നിവ വിച്ഛേദിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്കും നിർദ്ദേശം നല്കുന്നു. വ്യവസായ മേഖലയായ ഏലൂരിൽ ദിവസം മുഴുവൻ പ്രവർത്തിക്കുന്ന നിരീക്ഷണ ക്യാമറകൾ പെരിയാർ നദിയുടെ ഇരുകര-കളിലായി സ്ഥാപിച്ചിട്ടുണ്ട്. ഇതു മാലിന്യങ്ങൾ നദിയിലേക്ക് പുറംതള്ളുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ സഹായിക്കുന്നു. കൂടാതെ |

താരതമ്യേന മലിനീകരണ സാധ്യത കൂടുതലുള്ള സ്ഥാപനങ്ങൾക്ക് തൽസമയ മോണിറ്ററിംഗ് സംവിധാനങ്ങൾ ബോർഡ് ഏർപ്പെടുത്തി വരുന്നു. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ പരിശോധിച്ച് ബോർഡ് തയ്യാറാക്കുന്ന ജല ഗുണനിലവാര ഡയറക്ടറി വ്യാവസായിക മാലിന്യം ജലസ്രോതസ്സുകളിൽ കലരുന്നുണ്ടോ യെന്നും ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാനും സഹായിക്കുന്നു. ബോർഡ് നൽകുന്ന അനുമതികളുടെ തുടർ പരിശോധനകൾ നടത്തുകയും പരാതികളിന്മേൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) സംസ്ഥാനത്തെ നദികളെ വ്യാവസായിക മലിനീകരണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനും മലിനീകരണം നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ നിരീക്ഷിച്ച് യഥാസമയം നടപടിയെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

(സി) നടപടി സ്വീകരിക്കുന്നുണ്ട്. ടി നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ